## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം.229 10.10.2011 ൽ മറുപടിക്ക്.

### ഡോക്ടർമാരുടെ താൽക്കാലിക നിയമനം

**ചോദ്യം**

ശ്രീ. വി.ഡി. സതീശൻ
,, ഹൈബി ഈഡൻ
,, അൻവർ സാദത്ത്
,, ലൂഡി ലൂയിസ്

എ)
സർക്കാർ ആശുപത്രികളിലെ ഡോക്ടർ മാരുടെ കുറവ് പരിഹരിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

ബി)
ഡോക്ടർമാരുടെ കുറവ് പരിഹരിക്കുവാൻ അടിയന്തിരമായി താൽക്കാലിക നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

സി)
ഇതിനായി എം.ബി.ബി.എസ്. / പി.ജി. വിദ്യാർത്ഥികൾക്ക് പ്രത്യേക കേഡർ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

ഡി)
ഇവരെ എന്നുമുതൽക്കാണ് സർക്കാർ ഉദ്യോഗസ്ഥരായി കണക്കാക്കാൻ തീരുമാനിച്ചിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

ഇ)
ഇതു നടപ്പിലാക്കുന്നതിനു മുമ്പ് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുമോ?

**മറുപടി**

ശ്രീ. അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പു മന്ത്രി)

എ) & ബി)
ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻമാരുടെ 233 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.യിൽ നിന്നും നിയമന നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതാണ്. സ്പെഷ്യാൽറ്റി കേഡറിലെ ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ പി.എസ്.സി മുഖേനയും പി.ജി.യുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ വാങ്ങിയും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റ് തസ്തികകളിൽ പ്രൊമോഷൻ വഴിയുള്ള നിയമനം നടത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ താൽക്കാലിക നിയമനം നടത്തിയും സി.ആർ.എസ് ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തിയും ഡോക്ടർമാരുടെ കുറവ് പരിഹരിക്കുവാൻ ശ്രമിച്ചുവരുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ ചിലയിടങ്ങളിൽ രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് കൂടുതൽ തസ്തികകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾക്ക് പുറമെ കോൺട്രാക്ട്, ബോണ്ട് പോസ്റ്റിംഗ് എന്നിവ വഴി താൽക്കാലിക നിയമനങ്ങളും നടത്തി വരുന്നു.

സി), ഡി) & ഇ)
ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ